കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിൽ ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള 5 സെന്റ് സ്ഥലം എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മിക്കുന്നതിനായി എക്സൈസ് വകുപ്പിന് വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.131/19/ത.സ്വ.ഭ.വ                തീയതി, തിരുവനന്തപുരം , 23/01/2019

പരാമർശം - 1) ആലക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15/01/2018 ലെ 10/2018(4)-ാം നമ്പർ തീരുമാനം

2) ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/02/2018 ലെ എ 2-246/18-ാം നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ സി2-2135/18-ാം നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ ആലക്കോട് വില്ലേജിലെ റീസർവ്വേ നമ്പർ 53/1 എ യിൽ ഉൾപ്പെട്ടതും ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ 50 സെന്റ് ഭൂമിയിൽ നിന്നും 5 സെന്റ് സ്ഥലം, ആലക്കോട് എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മിക്കുന്നതിനായി എക്സൈസ് വകുപ്പിന് സൗജന്യമായി വിട്ടു നൽകുന്നതിന് പരാമർശം (1) പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള കത്തിനോടൊപ്പം ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥലം കൈമാറുന്നതിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മിക്കുന്നതിനായി ആലക്കോട് വില്ലേജിലെ റീസർവ്വേ നമ്പർ 53/1 എ യിൽ ഉൾപ്പെട്ട ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം, എക്സൈസ് വകുപ്പിന് കൈമാറാൻ നികുതി വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആലക്കോട് വില്ലേജ് ഓഫീസിൽ കരം ഒടുക്കിവരുന്നതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ ആലക്കോട് വില്ലേജിലെ റീസർവ്വേ നമ്പർ 53/1 എ യിൽ ഉൾപ്പെട്ടതും ആലക്കോട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ 50 സെന്റ് ഭൂമിയിൽ നിന്നും 5 സെന്റ് സ്ഥലം, ആലക്കോട് എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മിക്കുന്നതിനായി എക്സൈസ് വകുപ്പിന്, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം സൗജന്യമായി വിട്ടു നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി, ആലക്കോട് ഗ്രാമപഞ്ചായത്ത്
നികുതി വകുപ്പ്
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Danuja MS

സെക്ഷൻ ഓഫീസർ